**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 283** **02-03-2023 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. രാജ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പച്ചക്കറികൾക്കായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് അമിത വില വർദ്ധനവിനും സുരക്ഷിതമല്ലാത്ത പച്ചക്കറികൾ വിപണിയിലെത്തുന്നതിനും കാരണമാകുന്നതിനാൽ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികളിലൂടെയുള്ള നേട്ടം വിശദമാക്കാമോ; | (എ) | പച്ചക്കറികൾക്കായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് അമിത വില വർദ്ധനവിനും സുരക്ഷിതമല്ലാത്ത പച്ചക്കറികൾ വിപണിയിലെത്തുന്നതിനും കാരണമാകുന്നുണ്ട്. ആയതിന് പരിഹാരമായും സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പേയിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് |

| | | | |
|---|---|---|---|
| | | | പച്ചക്കറി കൃഷി ചെയ്യുകയും 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1.12 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനും അതിലൂടെ 16.3 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പച്ചക്കറി കൃഷിക്ക് സാധ്യതയുള്ള കാർഷിക ആവാസ യൂണിറ്റുകൾ കേന്ദ്രീകരിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) | പച്ചക്കറി കൃഷിക്ക് സാധ്യതയുള്ള കാർഷിക ആവാസ യൂണിറ്റുകൾ കേന്ദ്രീകരിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പേയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന "സമഗ്ര പച്ചക്കറി വികസന പദ്ധതി" യിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു.<br><br>വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 - 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.<br><br>ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.<br><br>ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകി വരുന്നു. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകി വരുന്നു. |
| (സി) | മികച്ചയിനം നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | മികച്ചയിനം വിത്തുകൾ, തൈകൾ എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ. സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ ഫാമുകൾ, അംഗീകൃത നഴ്സറികൾ, ബി.എൽ.എഫ്.ഒ. നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ മേൽനോട്ടത്തിൽ നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ചു വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകളടങ്ങിയ 10/- രൂപ വിലയുള്ള 48.02 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള 151.1879 ലക്ഷം പച്ചക്കറി തൈകളും, ദീർഘകാല വിളകൾക്കുള്ള 6.10196 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, സൗജന്യമായി വിതരണം നടത്തി.<br><br>സംസ്ഥാനത്ത് ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വീടുകളിൽ നേരിട്ട് വിവിധയിനം ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിനായി കാർഷിക വികസന കർഷക്ഷേമ വകുപ്പ് ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേസ് ആന്റ് മെഡിസിനൽ പ്ലാൻസ് 2022-23 എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് “ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം”.<br><br>ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേന ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ തൈകൾ 75% സബ്സിഡിയോട് കൂടിയും, ഫലവൃക്ഷ തൈകളും, വാഴകന്നും പൂർണ്ണമായും സൗജന്യമായാണ് വിതരണം ചെയ്യുന്നത്. 'ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം പദ്ധതി' പ്രകാരം നാളിതുവരെ ആകെ 6064717 എണ്ണം ഫലവൃക്ഷ തൈകൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തു. ഇതിൽ 761664 എണ്ണം ഗ്രാഫ്റ്റുകളും, 446183 എണ്ണം ലെയറുകളും, 1068421 എണ്ണം ടിഷ്യുകൾച്ചർ വാഴതൈകളും, 1473476 എണ്ണം വാഴക്കന്നുകളും, 2314973 എണ്ണം മറ്റ് ഫലവൃക്ഷ ഇനങ്ങളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ